LIBRARY ARCHIVES Kerala Legislative Assembly

കോളേജ് അദ്ധ്യാപകരുടെ ശമ്പളം

30 (2575) പ്രൊഫ. സി. രവീന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് അദ്ധ്യാപകരുടെ ശമ്പളം ഇപ്പോൾ ഡി.ഡി.ഒ. മുഖേന നൽകുവാൻ തീരുമാനിച്ചത് വഴി അദ്ധ്യാപകർക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കോളേജ് അദ്ധ്യാപകരുടെ എസ്.ഡി.ഒ. പദവി പിൻവലിച്ചതുമൂലം ശമ്പള വിതരണത്തിൽ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

സ്വയംഭരണ കോളേജുകൾ

31 (2577) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര സ്വയംഭരണ കോളേജുകളാണ് ആരംഭിച്ചതെന്നും ഇവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളേജുകളിൽ ഏതെല്ലാം കോഴ്സുകളിലായി എത്ര കുട്ടികളാണ് പഠിക്കുന്നത്; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ചുവടെ ചേർത്തിട്ടുള്ള 13 കോളേജുകൾക്ക് യു.ജി.സി. സ്വയംഭരണ പദവി അനുവദിച്ചിട്ടുണ്ട്:

1. മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം.
2. ഫാത്തിമ മാതാ നാഷണൽ കോളേജ്, കൊല്ലം.
3. സെന്റ് ബെർക്ക്മാൻസ് കോളേജ്, ചങ്ങനാശ്ശേരി, കോട്ടയം.
4. മഹാരാജാസ് കോളേജ്, എറണാകുളം.
5. സെന്റ് തെരേസാസ് കോളേജ്, എറണാകുളം.
6. സേക്രട്ട് ഹാർട്ട് കോളേജ്, തേവര, എറണാകുളം.
7. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, എറണാകുളം.

8. സെന്റ് തോമസ് കോളേജ്, തൃശ്ശൂർ.

9. എം.ഇ.എസ്. കോളേജ്, മാമ്പാട്, മലപ്പുറം.

10. ഫറോക്ക് കോളേജ്, കോഴിക്കോട്

11. സെന്റ് ജോസഫസ് കോളേജ്, ദേവഗിരി, കോഴിക്കോട്.

12. ക്രൈസ്റ്റ് കോളേജ്, ഇരിഞ്ഞാലക്കുട, തൃശ്ശൂർ.

13. വിമല കോളേജ്, തൃശ്ശൂർ. (2016-17 മുതൽ)

(ബി) സ്വയംഭരണ പദവി ലഭിച്ച കോളേജുകളിലെ കോഴ്സുകളെയും പഠിക്കുന്ന കുട്ടികളെയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*

കൽപ്പറ്റ നിയോജകമണ്ഡലത്തിൽ അനുവദിച്ച പുതിയ ബാച്ചുകളും കോഴ്സുകളും

32(2579) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കൽപ്പറ്റ നിയോജകമണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിൽ അനുവദിച്ച പുതിയ ബാച്ചുകളും കോഴ്സുകളും ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ സർക്കാർ തലത്തിൽ അനുവദിച്ച പുതിയ ബാച്ചുകളും കോഴ്സുകളും ഏതെല്ലാമെന്ന് വിശദമാക്കാമോ;

(സി) സ്വകാര്യ മേഖലയിൽ അനുവദിച്ച പുതിയ ബാച്ചുകളും കോഴ്സുകളും ഏതെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൽപ്പറ്റ നിയോജകമണ്ഡലത്തിലെ സ്വകാര്യ എയ്ഡഡ് കോളേജായ മുട്ടിൽ WMO ആർട്സ് & സയൻസ് കോളേജിൽ 12-9-2103-ലെ G.O. (Ms.) No. 615/2013/H.Edn. ഉത്തരവ് പ്രകാരം M.Com, BCA കോഴ്സുകളുടെ ഓരോ ബാച്ച് വീതം അനുവദിക്കുകയുണ്ടായി. കൂടാതെ കൽപ്പറ്റ ഗവൺമെന്റ് കോളേജിൽ ബി.എസ്.സി. കമ്പ്യൂട്ടർ സയൻസും അനുവദിച്ചിട്ടുണ്ട്.

(ബി) കല്പറ്റ ഗവൺമെന്റ് കോളേജിലെ ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് കോഴ്സ്.

(സി) മുട്ടം WMO കോളേജിലെ M.Com, BCA കോഴ്സുകളുടെ ഓരോ ബാച്ച്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly